ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com
ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ.എഫ്6/4073/2021മെ.വി.വ.** **തീയതി: 10-01-2024**

## കാരണംകാണിക്കൽ നോട്ടീസ്

1. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ജെനിറ്റോ യൂറിനറി സർജറി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി നിയമന ഉത്തരവ് ലഭിച്ചിരുന്ന താങ്കൾ ഫെല്ലോഷിപ്പ് ട്രെയിനിംഗ് കോഴ്സ് പൂർത്തിയാകുന്നതുവരെ പ്രവേശന കാലാവധി ദീർഘിപ്പിക്കുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷ പരിഗണിയ്ക്കാൻ കഴിയില്ല എന്നും ജോലിയിൽ പ്രവേശിച്ച ശേഷം KSR ഒന്നാം ഭാഗം അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ച് കോഴ്സ് ട്രെയിനിംഗ് പൂർത്തിയാകുന്നതിനുള്ള അനുമതിയും സർക്കാർ നിർദേശപ്രകാരം ഈ ഓഫീസിൽ നിന്നും നൽകിയിരുന്നു .

ഇതനുസരിച്ച് താങ്കളെ ജോലിയിൽ പുനപ്രവേശിപ്പിച്ച് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 01/09/2021 . F. N മുതൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ടി വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ താങ്കൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാകുന്നു .

കോട്ടയം പ്രിൻസിപ്പൽ അയച്ചു നൽകിയ കത്തിൽ താങ്കൾ 03/09/2021 മുതൽ 04/01/2023 വരെ ശൂന്യവേതനാവധി അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ചിരുന്നു . ടി അപേക്ഷ സർക്കാർ പരിഗണനയിൽ ആയിരുന്ന സമയത്ത് , താങ്കൾ എടുത്തിട്ടുള്ള ശൂന്യവേതനാവധി പഠനാവശ്യത്തിനാണോ എന്നത് സംബന്ധിച്ച് മറുപടി നൽകുകയോ , അവധി കാലയളവ് കഴിഞ്ഞിട്ടും തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ല .

അവധി കാലയളവ് കഴിഞ്ഞിട്ടും തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ പത്തു ദിവസത്തിനകം ജോലിയിൽ പ്രവേശിയ്ക്കുന്നതിന് അടിയന്തിരമായി നോട്ടീസ് നൽകുന്നതിന് കോട്ടയം പ്രിൻസിപ്പലിന് ഈ ഓഫീസിൽ നിന്നും കത്ത് നൽകിയിരുന്നു . എന്നാൽ രജിസ്റ്റാർഡായി താങ്കൾക്ക് അയച്ച കത്ത് കൈപറ്റാതെ മടങ്ങിയതായി കോട്ടയം പ്രിൻസിപ്പൽ അറിയിച്ചിരിക്കുന്നു .

03/09/2021 മുതൽ 04/01/2023 വരെ ശൂന്യവേതനാവധിഅപേക്ഷ സമർപ്പിച്ച ശേഷം പ്രസ്തുത കാലാവധി കഴിഞ്ഞെങ്കിലും നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിയ്ക്കാതെ താങ്കൾ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുകയാണ് .

2. സേവന നിരീക്ഷണ കാലയളവിൽ ജോലിയ്ക്ക് ഹജരാകതിരുന്നാൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II (റൂൾ 19 എ( ii ) പ്രകാരം താങ്കളുടെ സേവന നിരീക്ഷണം അവസാനിപ്പിക്കുന്നതിനും സർക്കാരിലേയ്ക്കുള്ള ബാധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുമുള്ള താത്കാലിക തീരുമാനം എടുത്തിട്ടുണ്ട്.

I/205943/2024

**3** . താങ്കൾക്കെതിരായ പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് എന്തെങ്കിലും കാരണം ബോധിപ്പിക്കാനുള്ള പക്ഷം ഈ നോട്ടീസ് ലഭിച്ച് പതിനഞ്ച് (15 ) ദിവസത്തിനകം ആയത് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ് . ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ചട്ടപ്രകാരമുള്ള അനന്തരനടപടികൾ കൈകൊള്ളുന്നതാണ് .

വിശ്വസ്തതയോടെ,

**THOMAS MATHEW**

**DIRECTOR**

സ്വീകർത്താവ്

ഡോ.രാഖുൽ എൽ . ആർ ,
അസിസ്റ്റന്റ് പ്രൊഫസർ,
ജെനിറ്റോ യൂറിനറി സർജറി വിഭാഗം,
RRR ഭവൻ , വയ്യേറ്റ്, വെഞ്ഞാറമൂട്,
തിരുവനന്തപുരം - 695607